**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4894** **02-07-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേത്ര ആചാരസ്ഥാനികന്മാരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഉത്തര മലബാറിൽ എത്ര ക്ഷേത്ര ആചാരസ്ഥാനികർ ഉണ്ടെന്നും അവരുടെ വേതനം എത്രയാണെന്നും അറിയിക്കാമോ ; | (എ) | മലബാർ ദേവസ്വം ബോർഡ് മുഖാന്തിരം പ്രതിമാസ ധനസഹായം കൈപ്പറ്റിവരുന്ന 1544 ആചാരസ്ഥാനികരാണുള്ളത്. ഇവർക്ക് 1600 രൂപ നിരക്കിൽ നിലവിൽ ധനസഹായം നൽകി വരുന്നു. |
| (ബി) | പ്രസ്തുത ആചാരസ്ഥാനികരുടെ വേതനം മുടങ്ങാതെ നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും കുടിശ്ശിക വരാനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ; പ്രസ്തുത കുടിശ്ശിക എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | 2023 ഏപ്രിൽ മാസം മുതൽ ധനസഹായ വിതരണം കുടിശ്ശികയാണ്. പ്രധാനമായും സർക്കാർ ഗ്രാന്റിനെ മാത്രം ആശ്രയിച്ചാണ് ധനസഹായ വിതരണം നടത്തുന്നത്. കഴിഞ്ഞ വർഷം ബഡ്ജറ്റിൽ 2.50 കോടി രൂപ ഈ ആവശ്യത്തിനായി വകയിരുത്തിയിരുന്നത് സാമ്പത്തിക വർഷം ആദ്യം തന്നെ അനുവദിച്ചു നൽകിയിരുന്നു എങ്കിലും ആയതു പൂർണമായ ധനസഹായവിതരണത്തിന് പര്യാപ്തമായിരുന്നില്ല. എന്നാൽ 2024-25 വർഷത് ബഡ്ജറ്റിൽ ഈ ആവശ്യത്തിന് 5.30 കോടി രൂപ വകയിരുത്തിയട്ടുണ്ട്. ആയത് റിലീസ് ചെയ്യുന്നതിനുള്ള പ്രൊപോസൽ മലബാർ ദേവസ്വം ബോർഡിൽ നിന്നും ലഭ്യമായിട്ടുള്ളത് സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | പുതിയ രജിസ്ട്രേഷനുവേണ്ടി കാത്തിരിക്കുന്ന ആചാരസ്ഥാനികരടക്കമുള്ള എത്ര ക്ഷേത്ര ജീവനക്കാർ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | പ്രതിമാസ ധന സഹായ പദ്ധതിയിൽ പുതുതായി അംഗത്വം അനുവദിക്കുന്നതിനു വേണ്ടി ആചാരസ്ഥാനികരിൽ നിന്ന് 481 അപേക്ഷകളും, കോലധാരികളിൽ നിന്ന് 74 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ